സാഹിത്യവീഥി

കേരളകാളിദാസനോ ഗദ്യജനയിതാവ്.?

(ചിത്രമെഴുത്തു കെ. എം. വറുഗീസ്.]

II

1020-ാമാണ്ടു് കുംഭമാസം 10-ാംനു ഭൂജാതനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് ബുക്കുകമ്മട്ടിപ്രസിഡണ്ടായി കയറുന്നതുവരെക്കു അവിടുത്തേക്കു മലയാളഭാഷയോടു്—വിശേഷിച്ചു് മലയാള ഗദ്യ സാഹിത്യത്തോടു—പ്രതിപത്തിയോ വാത്സല്യമോ ഉണ്ടായിരുന്നില്ലെന്നുള്ളതിനു് അവിടത്തെ വാക്കുകൾ തന്നെ ലക്ഷ്യമാണു്. തിരുമനസ്സുകൊണ്ടു 1042-ാമാണ്ടത്തെ കഥയെപ്പററി പറയുമ്പോൾ ഇപ്രകാരം പ്രസ്താവിക്കുന്നു. "ഇപ്പോൾ മലയാളഭാഷാവിഷയമായി ഓരോരുത്തർ ഉത്സാഹിച്ചു കാണുന്നതു് എനിക്കു വലിയ സന്തോഷമാണു്. ഒരു കാലത്തു് എനിക്കും എൻെറ പ്രിയ ഭാഗിനേയ ശിഷ്യനായ രാജരാജവർമ്മ കോയിത്തമ്പുരാനുംകൂടി മലയാളഭാഷയോടു് അത്ര പ്രതിപത്തി ഉണ്ടായിരുന്നുവോ എന്നു സംശയമാണു്. പിന്നീടു പുസ്തകങ്ങൾ ഉണ്ടാക്കുകയും അതു് ഓരോരുത്തൻ പഠിക്കയും ചെയ്തുതുടങ്ങിയപ്പോഴാണു് അറിയാതെതന്നെ എനിക്കു് എൻെറ മാതൃഭാഷയോടു് വാത്സല്യം ജനിച്ചതു്." (തിരുവനന്തപുരം കോളേജ് മലയാള സമാജത്തിൻെറ 1082-ലെ വാർഷികയോഗത്തിൽ ചെയ്ത ഉപസംഹാരപ്രസംഗം) തിരുമനസ്സിലെ ഈ വാക്കുകൾ അക്ഷരംപ്രതി യഥാർത്ഥമാണു. എന്തെന്നാൽ ഇരുപത്തിരണ്ടാമത്തെ തിരുവയസ്സുവരെയും കേവലം സംസ്കൃത സഹിത്യത്തിലും ഇംഗ്ലീഷ് സാഹിത്യത്തിലും മാത്രം മനസ്സൂററു് പ്രയത്നിച്ചുപോന്ന വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് ബുക്കുകമ്മട്ടിപ്രസിഡണ്ടായിത്തീർന്നുവെന്ന ഏകകാരണത്താൽ മാത്രം ഗദ്യഗ്രന്ഥങ്ങൾ എഴുതുവാൻ നിർബ്ബന്ധനായിത്തീർന്നുവെന്നല്ലാതെ മാതൃഭാഷാ പ്രണയത്താൽ പ്രേരിതനായി അവിടുന്നു 1042-ാമാണ്ടിനു മുമ്പു യാതൊന്നും തന്നെ ചെയ്തിട്ടില്ലെന്നു സ്പഷ്ടമല്ലോ. എന്നാൽ ഇന്നത്തെ മലയാളഗദ്യസാഹിത്യത്തിനു് അടിത്തറകെട്ടിപ്പടുത്ത വൈയാകരണൻ ഗീവർഗ്ഗീസു കത്തനാർ അവർകളാകട്ടെ പൊതുജനങ്ങളുടേയോ സർക്കാരിൻെറയോ യാതൊരുവിധമായ സഹായസഹകരണങ്ങളും പ്രേരണയുംകൂടാതെ അകൈതവമായ മാതൃഭാഷാപ്രണയം ഒന്നുകൊണ്ടുമാത്രം 1042-ാമാണ്ടിനു മുമ്പായി പല മികച്ച ഗദ്യകൃതികൾ കൈരളീദേവിയുടെ പാദപങ്കജങ്ങളിൽ സമർപ്പിച്ചു കഴിഞ്ഞിരുന്നു.

1402-ാമാണ്ടു ബുക്കുകമ്മട്ടിയുടെ ആവിർഭാവത്തോടുകൂടിയാണു മലയാളത്തിൽ ഗദ്യസാഹിത്യഗ്രന്ഥങ്ങൾ ഉണ്ടായിട്ടുള്ളതെന്നു പല ഭാഷാഭിമാനികളും കഥയറിയാതെ വിശ്വസിക്കുന്നുണ്ടു് കൊല്ലം 1000-ാമാണ്ടോടുകൂടി മിഷണറിമാരും സുറിയാനിക്രിസ്ത്യാനികളും വിദ്യാലയങ്ങൾ സ്ഥാപിച്ചു് അദ്ധ്യസനം നടത്തിപ്പോന്നിരുന്ന കഥ പ്രസിദ്ധമാണല്ലോ. ഈ വിദ്യാലയങ്ങളിൽ സംസ്കൃതം, ലത്തീൻ, ഇംഗ്ലീഷ്, കണക്കു, രേഖാഗണിതം, ഭൂമിശാസ്ത്രം, വേദചരിതം, സഭാചരിത്രം, ലോകചരിത്രം, ഇന്ത്യാചരിത്രം രസതന്ത്രം മുതലായവ പഠിപ്പിച്ചു് പോന്നതായി കാണുന്നു. ജ്യോതിശ്ശാസ്ത്രവും രസതന്ത്രവും പഠിപ്പിച്ചു പോന്നതു റവ. പി: ററുസായ്പു് അവർകളായിരുന്നുവെന്നു് അദ്ദേഹം തന്നെ പ്രസ്താവിച്ചിട്ടുണ്ടു്. വിദ്യാലയങ്ങളിലെ ഉപയോഗത്തിനായി പല മലയാളപുസ്തകങ്ങളും കല്ലച്ചിൽ അടിച്ചെടുത്തിരുന്നു. ഇങ്ങനെയുള്ള ചില പാഠ്യഗ്രന്ഥങ്ങൾ കോട്ടയം സി. എം. എസ്സ് ലൈബ്രറിയിൽ ഇന്നും സൂക്ഷിച്ചിട്ടുള്ളതായി കാണാം. അക്കാലത്തെ ഉപയോഗത്തിനായി "ഉണ്ടാക്കീട്ടുള്ള"തും 1030-ാമാണ്ടു് തിരുവനന്തപുരം സർക്കാർ അച്ചുകൂടത്തിൽ [illegible]ച്ചടിച്ചിട്ടുള്ളതായ ഒരു ഇന്ത്യാ "ഭൂമി[illegible]ം" (ഗ്രന്ഥകർത്താവു് ഒരു ക്രിസ്തു[illegible] പേജ് 140) ഇപ്പോഴും കാൺമാനുള്ളതും ഒരെണ്ണം ഈ എഴുത്തുകാരൻെറ കൈവശം തന്നെ സൂക്ഷിച്ചിട്ടുള്ളതുമാകുന്നു. ഇതിനു മൂന്നു കൊല്ലം മുമ്പാണു വൈയാകരണൻ ഗീവറുഗീസു കത്തനാർ തൻെറ സുപ്രസിദ്ധമായ വ്യാകരണഗ്രന്ഥം നിർമ്മിച്ചതു്. ഇതിനു് ഒരു വ്യാഴവട്ടം മുമ്പു് അതായിതു് കൊല്ലം 1015-ാമാണ്ടു കോട്ടയം സി. എം. എസ് പ്രസ്സിൽ നിന്നു കേരളത്തിലെ ഒന്നാമത്തെ മലയാളവൃത്താന്തപ്പത്രമായ 'ജ്ഞാനനിക്ഷേപ'വും 1035-ാമാണ്ടു കൊച്ചി ദേവജി ഭീമജി വക മലബാർ അച്ചടിക്കമ്പനി (ക്ലിപ്തം)യിൽ നിന്നു് ഇട്ടൂപ്പറൈട്ടർ അവർകളുടെ പത്രാധിപത്യത്തിൽ 'പശ്ചിമതാരക, മലയാളപത്രവും പുറപ്പെട്ടിരുന്നു. പുസ്തകപാരായണത്തിൽ അഭിരുചി കുറഞ്ഞിരുന്ന ആ പഴയ കാലത്തു് മുതൽമുടക്കു സംഖ്യ പിരിഞ്ഞുകിട്ടുന്നതിനുള്ള പ്രയാസം നിമിത്തം ചില ഗ്രന്ഥങ്ങൾ വിദ്യാലയങ്ങളിൽ അദ്ധ്യാപകന്മാരുടെ ഉപയോഗത്തിനായി മാത്രം കല്ലച്ചിൽ അടിച്ചുപോന്നതിൽ അൽഭുതപ്പെടുവാനില്ല.

1020-ാമാണ്ടു മുതൽ സാന്മാർഗ്ഗികങ്ങളും സാഹിത്യപരങ്ങളുമായ പല ഗ്രന്ഥങ്ങൾ സ്വതന്ത്രകൃതികളായും തർജ്ജമകളായും പുറപ്പെട്ടിരുന്നുവെന്നും പരദേശമോക്ഷയാത്ര, സാഹിത്യരസം നിറഞ്ഞു വഴിയുന്നതായ "പുല്ലേലിക്കുഞ്ചു" മുതലായവ ഇക്കൂട്ടത്തിൽ പെട്ടവയാണെന്നും ഇവിടെ പ്രത്യേകിച്ചു പ്രസ്താവിപ്പാനുള്ളതാണു്. പക്ഷെ ക്രൈസ്തവ വിദ്യാലയങ്ങളിലെ ആ കാലത്തെ വിദ്യാഭ്യാസസമ്പ്രദായം അനുസരിച്ചു ഭാഷയായാലും ഭൂമിശാസ്ത്രമായാലും മിക്കവാറുമവയെല്ലാം തന്നെ പ്രതിപാദനത്തിലോ അഭ്യസനവിഷയത്തിലോ ഒരു വിഷയത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ക്രിസ്തുമതസ്പർശകങ്ങളായിരുന്നതിനാൽ 1042-ാമാണ്ടു തിരുവിതാംകൂർ സർക്കാർ വകയായി ഏർപ്പെടുത്തപ്പെട്ട നാട്ടുഭാഷാ പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കേണ്ടതിലേക്കു് എല്ലാം മതക്കാർക്കും പൊതുവേ സ്വീകാര്യമായ വിധത്തിലുള്ള പാഠ്യഗ്രന്ഥങ്ങൾ ആവശ്യമായിത്തീർന്നു. അതിനാൽ അത്തരത്തിലുള്ള ഗ്രന്ഥങ്ങൾ നിർമ്മിക്കുന്നതിലേക്കു സർക്കാരിൽനിന്നു് ഒരു കമ്മട്ടിയും ഏർപ്പെടുത്തി. ഇതുകൊണ്ടു് ആ കാലത്തു് ക്രൈസ്തവ വിദ്യാലയങ്ങൾക്കും ബുക്കുകമ്മററിക്കും പുറമെ വിജ്ഞേയവിഷയപ്രതിപാദങ്ങളായ ഗദ്യഗ്രന്ഥങ്ങളോ ഗദ്യപ്രബന്ധങ്ങളോ ഉണ്ടായിരുന്നില്ലെന്നു് ആരുംതന്നെ തെററിദ്ധരിക്കേണ്ട അവശ്യമില്ല കൊല്ലം 1039-ാമാണ്ടു് കേരളഭൂമിയിലെ ആദ്യത്തെ മലയാളമാസികയെന്ന നിലയിൽ കോട്ടയം കോളേജ് വകയായി പുറപ്പെട്ടിട്ടുള്ള "വിദ്യാസംഗ്രഹം" എന്ന ഇംഗ്ലീഷു മലയാളമാസികയിൽ, രാജ്യഭരണം, മതം, സമുദായം, രസതന്ത്രം, ചരിത്രം, ഭൂമിശാസ്ത്രം, സാഹിത്യ, എന്നിത്യാദി വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി ഇംഗ്ലീഷിലും മലയാളത്തിലും അനവധി ഉപന്യാസങ്ങൾ അത്യന്തം പാണ്ഡിത്യത്തോടുകൂടി എഴുതപ്പെട്ടിട്ടുള്ളതായി കാണാം. ഇവയ്ക്കും പുറമെ സദാചാരപരങ്ങളായ വേറെയും ഗ്രന്ഥങ്ങളുണ്ടായിരുന്നു

ആധുനികമലയാള ഗദ്യത്തിൻെറ ആദ്യമാതൃകാപ്രദർശകനായ വൈയാകരണൻ ഗീവർഗ്ഗീസ് കത്തനാർ അവർകളുടെ പ്രസിദ്ധകൃതികളെല്ലാം പുറത്തു വന്നിട്ടുള്ളതു് ഈ കാലഘട്ടത്തിലായിരുന്നു "വിദ്യസംഗ്രഹം" മാസികയിലെ ഇംഗ്ലീഷ് ശാഖയുടെ പത്രാധിപത്യം വഹിച്ചിരുന്നതു് റവ. കൊല്ലിൻസ് സായ്പു, മലയാളം ശാഖയുടെ ആധിപത്യം വഹിച്ചിരുന്നതു ഗീവർഗ്ഗീസ് കത്തനാർ അവർകളുമായിരുന്നു. കത്തനാർ അവർകൾ ഇംഗ്ലീഷ്, ലത്തീൻ, ഗ്രീക്കു്, എബ്രായ എന്നീ ഭാഷകളിൽ അസാമാന്യപാണ്ഡിത്യം സമ്പാദിച്ചിരുന്നതിനു പുറമെ, സംസ്കൃതം, തമിഴ് തെലുങ്കു്, ഹിന്ദുസ്ഥാനി എന്നിവയും ഭംഗിയായി അഭ്യസിച്ചിരുന്നു ബീജഗണിതം, ക്ഷേത്രഗണിതം, ജ്യോതിശ്ശാസ്ത്രം എന്നിവയിലും അദ്ദേഹം നല്ല പരിജ്ഞാനം സമ്പാദിച്ചിരുന്നു. തിരുവിതാംകൂർ ഗവർമ്മെൻറു് നാട്ടുഭാഷാവിദ്യാഭ്യാസവിഷയത്തിൽ മുന്നിട്ടു പ്രവർത്തിക്കേണ്ടതിൻെറ ആവശ്യകതയെ സംബന്ധിച്ചു് അദ്ദേഹം സർ ടി മാധവരായരുമായി പല പ്രാവശ്യം സംഭാഷണം നടത്തുകയുണ്ടായി ഒരു തമിഴനായ മാധവരായരുടെ ഗവർമ്മെൻറു നാട്ടുഭാഷാവിദ്യാലയങ്ങൾ സ്ഥാപിക്കുന്ന വിഷയത്തിൽ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതു് ഗീവർഗ്ഗീസ് കത്തനാരുടെ പ്രേരണകൊണ്ടാണെന്നുള്ളതിനു വേണ്ടുവോളം ലക്ഷ്യങ്ങളുള്ളതാണു്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറയും ബുക്കുകമ്മററിയുടെയും അദ്ധ്യക്ഷപദം കത്തനാർ സ്വീകരിക്കണമെന്നു മാധവരാവു അദ്ദേഹത്തെ പല പ്രാവശ്യം നിർബന്ധിച്ചുവെങ്കിലും ഒരു വൈദികനായ തനിക്കു സർക്കാർ പണി അനുചിതമാണെന്നു പറഞ്ഞു ഗീവറുഗീസുകത്തനാർ ആ അപേക്ഷയെ ഉപേക്ഷിക്കുകയാണു ചെയ്തതു്. കത്തനാർ അവർകളുടെ ഈ തിരസ്കാരം ബുദ്ധിപൂർവമായ ഒന്നല്ലായിരുന്നുവെന്നു റവ. കൊല്ലിൻസ് സായ്പു രേഖപ്പെടുത്തിയിരിക്കുന്നതായി കാണാം. ഗീവർഗ്ഗീസ് കത്തനാരവർകളേപ്പററി മാധവരായർ ദിവാൻജിയ്ക്കുണ്ടായിരുന്ന മതിപ്പു, ബഹുമാനവും എത്ര കണ്ടാണെന്നുള്ളതിനു് അവർ തമ്മിൽ നടത്തീട്ടുള്ള രഹസ്യകത്തിടപാടുകൾ തന്നെ മതിയായ ലക്ഷ്യമാണു്

പുസ്തകാഭിപ്രായം

കാമുകൻ ഒന്നാം ഭാഗം

ഗ്രന്ഥകർത്താ. മി. ഏ. ബാലകൃഷ്ണപിള്ള ബി. ഏ. ബി എൽ.

വിശ്വസാഹിത്യസമുച്ചയത്തിലെ ഉത്തമ നോവലെഴുത്തുകാരുടെ കൂട്ടത്തിൽ ഉന്നതസ്ഥാനത്തിനു് അർഹനായ ഗിഡെ മോപ്പസിങ്ങ് എന്ന ഫ്രഞ്ചു നോവലെഴുത്തുകാരൻെറ വിഖ്യാതമായ ബെൽ—അമി എന്ന നോവലിൻെറ പരിഭാഷയാണിതു്. സ്ഥലകാലനാമങ്ങളെ "മലയാളീകരിക്കാ"തെ പരിഭാഷ ചെ